DESPATCH
On 19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1752*(2)/2020*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 14471/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

അഡ്വ. പ്രമോദ് കുമാർ കെ.ജി,
കാരടക്കേതിൽ,
കുട്ടമ്പേരൂർ (പി.ഒ)
മാന്നാർ, ആലപ്പുഴ – 689 623.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മാന്നാർ ഗ്രാമപഞ്ചായത്ത് ആഫീസ്,
മാന്നാർ (പി.ഒ), ആലപ്പുഴ – 689 622.
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ്
ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14/09/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17/11/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15/12/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ അഡ്വ. പ്രമോദ് കുമാർ കെ.ജി 14/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 15/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1752(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 14/09/2020 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 09/10/2020-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത്, ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായി എസ്.പി.ഐ.ഒ & അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി-ക്ക് ടി അപേക്ഷ 24/09/2020 തീയതിയിൽ കൈമാറിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള മറുപടിയുടെ അസ്സലും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

4. 14/10/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 17/11/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 14/01/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ 2005-2010, 2013-2016 കാലയളവിൽ വാർഡ് 11-ലെ കുട്ടംപേരൂർ വെട്ടത്തേത്ത് മുക്ക്-തോപ്പിൽ കടവ്, വെട്ടത്തേത്ത് മുക്ക്- കോട്ടയം, തോപ്പിൽ കടവ് റോഡ് എന്നീ ഭാഗങ്ങൾ ഉൾപ്പെട്ട ഓരോ റോഡ് ടാർ വർക്കിന്റെയും പ്രൊപ്പോസൽ മുതൽ എസ്റ്റിമേറ്റ്, ടെണ്ടർ, ബില്ല് പാസാക്കിയത് വരെയുള്ള എല്ലാ രേഖകളുടെയും പകർപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും, വിവരങ്ങൾ ലഭിച്ചില്ലെന്ന് കാണിച്ച് 14/10/2020 തീയതി രേഖപ്പെടുത്തി 19/10/2020 തീയതിയിൽ ടി ഓഫീസിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നുമാണ്. അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി എസി.പി.ഐ.ഒ-യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിന് ടിയാൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്. അപ്പീൽവാദിയുടെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷ 24/09/2020 തീയതിയിൽ എസ്.പി.ഐ.ഒ & അസി. എഞ്ചിനീയർക്ക് കൈമാറുകയും ടി

ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള മറുപടിയുടെ അസ്സൽ സഹിതം 09/10/2020 തീയതിയിലെ കത്ത് പ്രകാരം മറുപടി അപ്പീൽവാദിക്ക് എസ്.പി.ഐ.ഒ ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്. എന്നാൽ അപ്പീൽവാദി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ ഓഫീസിലാണ് ലഭ്യമായിട്ടുള്ളതെങ്കിൽ, പ്രസ്തുത വിവരങ്ങൾക്ക് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ ഓഫീസിലെ എസ്.പി.ഐ.ഒ-യ്ക്ക് കൈമാറി, വിവരം അപേക്ഷകനെ അറിയിക്കുകയായിരുന്നു ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ/ സെക്രട്ടറി ചെയ്യേണ്ടിയിരുന്നത് എന്നാണ്.

അപ്പീൽവാദിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട 2005 മുതൽ 2010 വരെയും, 2013 മുതൽ 2016 വരെയുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് വളരെയധികം സമയം ചെലവഴിക്കേണ്ടി വരുന്നതിനാലും, കോവിഡ്-19 ബാധിതർക്കായി താമസസൗകര്യങ്ങൾ ചെയ്യേണ്ട സാഹചര്യത്തിലും, അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ തെരഞ്ഞെടുത്തു നൽകുന്നതിനു കാലതാമസം വരുമെന്നുള്ളതിനാലുമാണ് നേരിൽ പരിശോധിക്കാവുന്നതാണെന്ന മറുപടി നൽകിയതെന്ന് അസി. എഞ്ചിനീയറുടെ റിപ്പോർട്ട് സഹിതം എസ്.പി.ഐ.ഒ റിപ്പോർട്ട് സമർപ്പിച്ചുവെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടതില്ലെന്നും, എന്നാൽ ആയത് സംബന്ധിച്ച ഓഫീസിൽ ലഭ്യമായിട്ടുള്ള രേഖകളുടെ പകർപ്പുകൾ നൽകാവുന്നതാണെന്നുമാണ് വിലയിരുത്തിയത്. ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള വാർഡ് 11-ലെ ടി സ്ഥലങ്ങൾ ഉൾപ്പെട്ട റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് പരാമർശ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തികൾ സംബന്ധിച്ച ഫയലുകളിലെ ആകെ പേജുകളുടെ എണ്ണവും, പകർപ്പ് ഫീസും കണക്കാക്കി 15 ദിവസത്തിനകം അപേക്ഷകനെ അറിയിക്കുന്നതിനും, പകർപ്പ് ഫീസ് അടവാക്കുന്ന മുറയ്ക്ക് രേഖകളും പകർപ്പുകൾ നൽകുന്നതിനും, ബന്ധപ്പെട്ട രേഖകൾ നിയമാനുസൃതം നേരിൽ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്പീൽവാദിക്ക് അവസരം നൽകുന്നതിനു മാന്നാർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യോട് നിർദ്ദേശിച്ച് കൊണ്ട് 17/11/2020 തീയതിയിൽ അപ്പീൽ തീർപ്പാക്കി ഉത്തരവായിരുന്നുവെന്നും ആയതനുസരിച്ച് ആഫീസിലെ ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിൽ, രേഖകൾ (28 പേജ്) ലഭിച്ചിട്ടുള്ളതായി അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും, ടി രേഖകളുടെ പകർപ്പ് ഫീസ് 56/- രൂപ 1/12/2020-ലെ ചലാൻ പ്രകാരം അപ്പീൽവാദി അടവാക്കിയതനുസരിച്ച് 21/12/2020-ൽ അപ്പീൽവാദിക്ക് രേഖകളുടെ പകർപ്പുകൾ അയച്ച് നൽകുകയും, ആയത് 23/12/2020-ൽ അപ്പീൽവാദിക്ക് ലഭ്യമായിട്ടുള്ളതിന്റെ തപാൽ രസീത് പകർപ്പ് എസ്.പിഐ.ഒ ഹാജരാക്കിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്കായി ടിയാൻ ഫീസ് ഒടുക്കി ആവശ്യമായ രേഖകൾ ടിയാന് നൽകിയിട്ടുളളതായി കമ്മീഷന് ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ഹർജിക്കാരന്റെ അപേക്ഷ യഥാസമയം കൈമാറ്റം ചെയ്യാത്തതിനാൽ ടിയാനെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു.

7. ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2022 ഡിസംബർ 06-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV